LIBRARY ARCHIVES Kerala Legislative Assembly

കുന്ദമംഗലം ഠൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ്

313(3238) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ഠൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

ഉത്തരം

(എ&ബി) ഇല്ല. എങ്കിലും കുന്ദമംഗലം ഠൗണിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലം

314(3239) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തൊണ്ടിലക്കടവ് പാലത്തിന് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പാലത്തിന്റെ സ്ഥലം അക്വിസിഷൻ എത്രകൊണ്ടാണ് നടക്കാത്തത് ; എൽ.എ. നടപടികൾ എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ; ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; വിശദമാക്കാമോ ;

(സി) പി.ഡബ്ല്യു.ഡി, റവന്യൂ വകുപ്പിന് സ്ഥലം മാർക്ക് ചെയ്ത് കൊടുക്കാതിരിക്കുന്നതിന് കാരണമെന്താണ് ; ആരുടെയെങ്കിലും തടസ്സം നിലവിലുണ്ടോ ; എങ്കിൽ ആയത് നീക്കാൻ എന്ത നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ പൊതുമരാത്ത് വകുപ്പും റവന്യൂ വകുപ്പും തമ്മിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ?